LIBRARY ARCHIVES Kerala Legislative Assembly

കൈവല്യ പദ്ധതിയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ മുഖേനയും സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേനയും ലഭിച്ചിട്ടുള്ള പരാതികൾ/നിവേദനങ്ങൾ യഥാസമയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളുടെയെല്ലാം ഏകോപന ചുമതലകൾ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറും ഡെപ്യൂട്ടി ഡയറക്ടർ (എ.ഇ.&പി.എച്ച്.)-ഉം ആണ് നിർവ്വഹിക്കുന്നത്. 30-9-2020-ലെ സ.ഉ.(കൈ)നമ്പർ 42/2020/തൊഴിൽ പ്രകാരം, കൈവല്യ പദ്ധതിയിൻ കീഴിൽ കുടിശ്ശികയായിരുന്ന 7449 സ്വയം തൊഴിൽ വായ്പാ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ആയതുവഴി നാളിതുവരെ 6938 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (മോഡൽ കൈവല്യ സെന്റർ) കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്നു. ഇവിടെ വീൽചെയർ ഉൾപ്പെടെ വിപുലമായ സജ്ജീകരണങ്ങളോടുകൂടിയ തൊഴിൽ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ, അഭ്യസ്തവിദ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപ്പരീക്ഷ പരിശീലനം നല്കുന്നതിനാവശ്യമായ ക്ലാസ് മുറികൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് "അതിജീവനം" എന്ന പേരിൽ ഒരു തൊഴിൽ മേള സംഘടിപ്പിച്ചുവരുന്നു. എറണാകുളം, കൊല്ലം, കോഴിക്കോട്, തിരുവനന്തപുരം, എന്നീ ജില്ലകളിൽ സംഘടിപ്പിച്ച മേളകളിൽ 2475-ഓളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 124പേർക്ക് ജോലി ലഭിക്കുകയും ചെയ്തു.

**അംഗപരിമിതർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

270(4280) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2021 വരെ സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥിരം/താൽക്കാലിക ഒഴിവുകൾക്ക് നിയമനം ലഭിച്ചുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അംഗപരിമിതരായ എത്ര ഉദ്യോഗാർത്ഥികളാണ് പ്രസ്തുത എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വൈകല്യം തരംതിരിച്ച് വിദ്യാഭ്യാസ യോഗ്യതകൾ അനുസരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരുടെ പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള രജിസ്ട്രേഷൻ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഇത്തരം ഓഫീസുകളിൽ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിന്നും എത്ര ശതമാനം പേർക്ക് വർഷം തോറും തൊഴിൽ ലഭിക്കുന്നുവെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

**നെയ്യാറ്റിൻകര കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

271(4281) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി.) പ്രവർത്തനം ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ?

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ എക്സ്റ്റൻഷൻ സെന്ററായി നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെന്റർ (സി.ഡി.സി.) 2018 മേയ് മാസം 23-ന് പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ (31-7-2021) 13136 ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.